# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -227 — 30.11.2015 ൽ മറുപടിയ്ക്ക്

## പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ ദുരൂഹ അഗ്നിബാധ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അടൂർ മണ്ഡലത്തിലെ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ ദുരൂഹ അഗ്നിബാധയുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം അനിവാര്യമാണെന്ന് ആവശ്യപ്പെട്ട് ആരിൽ നിന്നെല്ലാം നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ; | (എ) ശ്രീ .ചിറ്റയം ഗോപകുമാർ എം.എൽ.എ സമർപ്പിച്ച നിവേദനത്തിൻമേൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. |
| (ബി) അനുബന്ധ ക്ഷേത്രത്തിലെ അഗ്നിബാധയുമായി ബന്ധപ്പെട്ട് നിലവിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിവരുന്നത് എന്നറിയിക്കുമോ; | (ബി) നിലവിൽ ക്രൈംബ്രാഞ്ച് CID OCW I പത്തനംതിട്ട സബ്ബ് യൂണിറ്റ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ കേസ് അന്വേഷണം നടത്തി വരുന്നു. |
| (സി) അന്വേഷണത്തിൽ നാളിതുവരെയുണ്ടായിട്ടുള്ള കാലവിളംബത്തിന് കാരണം എന്താണെന്ന് വിശദമാക്കുമോ; | (സി) & (ഡി) കൃത്യക്ഷേത്രത്തിലെ കേട് സംഭവിച്ചിട്ടുള്ളതായി കാണപ്പെട്ട താഴികക്കുടം ഏതു വിധത്തിലാണ് കേട്ട സംഭവിച്ചിട്ടുള്ളത് എന്ന് അറിയുന്നതിനുവേണ്ടി വിദഗ്ദ്ധ പരിശോധനയ്ക്കായി എഫ്.എസ്.എൽ-ൽ അയച്ചിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭിക്കുമ്പോൾ വിശദമായ അന്വേഷണം ആവശ്യമാണെന്ന് കണ്ടാൽ ആയത് നടത്തി താമസംവിനാ അന്വേഷണം പൂർത്തിയാക്കുന്നതാണ്. |
| (ഡി) സമയബന്ധിതമായി അന്വേഷണം പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ